ജൂൺ 2020

# മുസിരിസ് വാർത്ത

www.muzirisheritage.org muzirisheritage

മുസിരിസ് പൈതൃക പദ്ധതി



# കോട്ടപ്പുറം വ്യാപാരകേന്ദ്രം

## ഒളിമങ്ങാത്ത പ്രൗഢി



# ഒളിമങ്ങാത്ത പ്രൗഢി

എന്തിനെയും ഏതിനെയും പുതിയ രൂപത്തിലേക്കു മാറ്റിത്തീർക്കാനുള്ള കഴിവുണ്ട് കാലത്തിന്. അതിൽ നിന്ന് കലയോ സംസ്കാരമോ നിർമ്മിതികളോ മനുഷ്യസമൂഹം തന്നെയോ മാറിനിൽക്കുന്നില്ല. ചിലത് അപ്പാടെ മാറുമ്പോൾ മറ്റുചിലതിൽ മാറ്റത്തിന്റെ മുകൾപടലം മാത്രമായിരിക്കും പ്രകടമാവുക. മാറ്റങ്ങൾക്ക് വിധേയമായെങ്കിലും ഉള്ളുറപ്പും ഈടും നിലനിൽക്കുന്ന അത്തരത്തിലൊരു ഭൂമികയാണ് കോട്ടപ്പുറം ചന്ത. കാലത്തിന്റെ വിരലുകൾ സൃഷ്ടിച്ച വികസന പരിണാമങ്ങൾ കോട്ടപ്പുറം ചന്തയുടെ സ്വാഭാവികത്തനിമയെ തീർച്ചയായും നഷ്ടപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, അസാധാരണമായി ഒത്തുചേർന്ന് പിണഞ്ഞുകിടക്കുന്ന ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ഞരമ്പുകൾ ഇന്നും അവിടെ തെളിഞ്ഞു കാണാനാവും.

ഒരേസമയം കേരളത്തിന്റെ തനത് രീതികളും വിദേശ സംസ്കാരങ്ങളുടെ ചായപ്പടർപ്പുകളും അലിഞ്ഞുചേർന്ന കച്ചവട കേന്ദ്രമാണ് കോട്ടപ്പുറം ചന്ത. ഇപ്പോൾ നോക്കിയാലും കാണാം നമ്മുടെ വാസ്തുവിദ്യയുടെ അഴകുരൂപങ്ങളാൽ സമ്പന്നമായ കെട്ടിടങ്ങളുടെ ശിഷ്ടരൂപങ്ങൾ. അതിനൊപ്പം തന്നെ ഡച്ച്, പോർച്ചുഗീസ് ശൈലീഭാവങ്ങളുടെ ചാരുതയും. കൊടുക്കൽ വാങ്ങലുകളുടെയും വിലപേശലിന്റെയും കച്ചവടതന്ത്രങ്ങളുടെയും എത്രയധികം കാഴ്ചകൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ടാവും ഈ തെരുവുകൾ!

1790ൽ ശക്തൻ തമ്പുരാന്റെ കാലത്ത് സ്ഥാപിക്കപ്പെട്ട കോട്ടപ്പുറം ചന്തയെ ഏറ്റവുമധികം ആശ്രയിച്ചിരുന്നത് കോട്ടപ്പുറത്തെയും പറവൂരിലെയും കൊടുങ്ങല്ലൂരിലെയും ഗോതുരുത്തിലെയുമൊക്കെ ജനങ്ങളാണ്.

കിഴക്ക് വിജയൻ തോടും തെക്ക് കോട്ടപ്പുറം കായലും അതിരിടുന്ന ഒന്നരയേക്കറോളം സ്ഥലത്താണ് ചന്ത നിലകൊള്ളുന്നത്. ചെറുകിട കച്ചവടങ്ങളാണ് അവിടെ കൂടുതലായും നടന്നിരുന്നത്. കൊടുങ്ങല്ലൂരിലെ പ്രധാന അരിവ്യാപാരം നടന്നിരുന്നതും കോട്ടപ്പുറം ചന്തയിലാണ്. നാടൻ വ്യാപാരത്തിന്റെ പ്രതിരൂപമായിരുന്നു ഇത്. കോഴിമുട്ട, കോഴി, താറാവ്, നാളികേരം, കശുവണ്ടി, അടയ്ക്ക തുടങ്ങിയവയുടെ പ്രധാന വിപണിയായിരുന്നു ഇത്. പാമ്പാട്ടികളും ചുണ്ണാമ്പു കച്ചവടക്കാരും നാടോടി സർക്കസുകാരും മുച്ചീട്ടുകളിക്കാരുമെല്ലാം ഈ വാണിജ്യ കേന്ദ്രത്തിന്റെ അവിഭാജ്യ ഘടകങ്ങളായിരുന്നു.

ജലപാതകളിലൂടെ ജനങ്ങൾ കോട്ടപ്പുറം ചന്തയിലെത്തിച്ചേർന്ന് സാധനങ്ങൾ വിൽക്കുകയും വാങ്ങിക്കൊണ്ടുപോകുകയും ചെയ്യുന്നതായിരുന്നു പഴയ പതിവ്. കോട്ടപ്പുറം ചന്തയിലേക്ക് വള്ളങ്ങളുടെയും ചങ്ങാടങ്ങളുടെയും യാത്രകളായിരുന്നു ആ ഭാഗത്തെ പ്രദേശങ്ങളുടെ പ്രധാന സാമ്പത്തിക വിനിമയ കാര്യങ്ങളിൽ നിർണായക പങ്കുവഹിച്ചിരുന്നത്. മുസിരിസ് തുറമുഖം വഴിയെത്തിയിരുന്ന വിദേശസാമഗ്രികൾ വ്യാപാരം ചെയ്തിരുന്ന ഒരു പ്രമുഖ കേന്ദ്രം ഈ ചന്തയായിരുന്നു. രണ്ട് ബോട്ട് ജെട്ടികളുണ്ടായിരുന്നു കോട്ടപ്പുറം ചന്തയ്ക്കടുത്ത തന്നെ. ഈ കച്ചവട കേന്ദ്രത്തിന്റെ പെരുമ വിളിച്ചുപറയുന്നതാണ് ഈ സാമീപ്യം. എന്നാൽ, പിന്നീട് പറവൂരുമായി ബന്ധിപ്പിച്ച് പാലങ്ങളുടെ വരവോടെ ചെറുകിട കച്ചവടങ്ങൾക്ക് സ്ഥാനമില്ലാതാവുകയും കോട്ടപ്പുറം ചന്ത മൊത്ത കച്ചവടകേന്ദ്രമായി മാറുകയും ചെയ്തു.

തിങ്കൾ, വ്യാഴം എന്നീ ചന്ത ദിവസങ്ങളിലാണ് കോട്ടപ്പുറം ചന്തയിൽ തിരക്കേറുന്നത്. ആ ദിവസങ്ങളിൽ ചന്തയിലെ ഒട്ടുമിക്ക കച്ചവട സ്ഥാപനങ്ങളും പ്രവർത്തിക്കുകയും നാടിന്റെ നാനാഭാഗത്തുനിന്നുള്ള ജനം ചന്തയിൽ നിറയുകയും ചെയ്യും. വാഹനങ്ങളും ആൾത്തിരക്കുമെല്ലാം കൊണ്ട് സജീവമാകുന്ന ചന്തയിൽ കച്ചവടം പൊടിപൊടിക്കുമ്പോഴും ഇനിയും വളരാനുള്ള അനവധി സാധ്യതകൾ ഈ പ്രദേശം തുറന്നുതരുന്നുണ്ടെന്നത് കൗതുകമുണർത്തുന്ന കാര്യമാണ്. കോട്ടപ്പുറം ചന്തയിലെ വലിയൊരു ശതമാനം കെട്ടിടങ്ങളും ഇന്നു വെറുതെ അടഞ്ഞുകിടക്കുകയാണെന്നത് വാസ്തവമാണ്. കാലപ്പഴക്കത്താൽ പല കെട്ടിടങ്ങളും ഉപയോഗയോഗ്യമല്ലാതെയായിക്കഴിഞ്ഞു. നൂറ്റൻപതിലധികം

വർഷത്തെ പഴക്കമുള്ള കെട്ടിടങ്ങൾ വരെ ഇവിടെയുണ്ട്. പലതും പൊളിച്ചുകളഞ്ഞ് പുതിയവ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ, അനേകം കെട്ടിടങ്ങൾ ഇപ്പോഴും ഉപയോഗിക്കാൻ കഴിയാതെയും പൊളിച്ചു കളയാതെയും കിടക്കുന്നുണ്ട്. അതുകൊണ്ടുതന്നെ വികസനത്തിനും രൂപ പരിണാമങ്ങൾക്കും ഇനിയുമേറെ അവസരങ്ങൾ കോട്ടപ്പുറം ചന്തയിലുണ്ട് എന്നതാണ് ഈ ചന്തയുടെ പുനരുജ്ജീവനത്തിനായി ശ്രമിക്കുന്നവരെ ആവേശത്തിലാക്കുന്ന കാര്യം.


ചരിഞ്ഞ മേൽക്കൂരയുള്ള കെട്ടിടങ്ങളുടെ നീണ്ട നിരയാണ് കോട്ടപ്പുറം ചന്തയുടെ പ്രധാന ആകർഷണങ്ങളിലൊന്ന്. പഴമയുടെ ഭംഗിയോടൊപ്പം സ്ഥലസൗകര്യത്തിന്റെ ഗുണം കൂടി ചന്തയിലെ കെട്ടിടങ്ങൾക്കുണ്ട്. പുതിയ കെട്ടിടങ്ങൾ പലതും ദിനംപ്രതിയെന്നോണം ഉയരുന്നുണ്ടെങ്കിലും ചന്തയുടെ പ്രതാപകാലത്തിന്റെ ഓർമ്മകളുണർത്തുന്ന അനേകം നിർമ്മിതികൾ ഇവിടെ അവശേഷിക്കുന്നു. ചരിഞ്ഞ മേൽക്കൂരയ്ക്കൊപ്പം നീളൻ വരാന്തകളും നിറവൈവിധ്യങ്ങളുള്ള ജനാലകളും വാതിൽപ്പടികളും നിരപ്പലകകളാൽ തീർത്ത വാതിലുകളും അലങ്കാരത്തൂണുകളും പഴയ കെട്ടിടങ്ങളുടെ പ്രത്യേകതകളാണ്. ദീർഘവീക്ഷണമില്ലാത്ത വികസനശ്രമങ്ങൾ ഒരു പരിധിവരെ കോട്ടപ്പുറം ചന്തയുടെ സ്വാഭാവിക ചന്തത്തിനു മങ്ങലേൽപ്പിച്ചിട്ടുണ്ടെങ്കിലും സമ്പന്നമായ പൈതൃകത്തിന്റെ ഒരു കാണാച്ചരട് പുതിയ കാലത്തിന്റെ മനുഷ്യരെയും ഇവിടേക്ക് ചേർത്തുബന്ധിക്കുന്നുണ്ട് എന്നതാണ് യാഥാർത്ഥ്യം.

ചന്തദിവസങ്ങളിൽ താത്കാലികമായി കെട്ടിപ്പൊക്കുന്ന ഷെഡ്ഡുകൾ കോട്ടപ്പുറം ചന്തയുടെ സജീവമായ ഒഴുക്കിന്റെ മുഖത്തിന് പുതിയ ഭാവമാണ് നൽകുന്നത്. പച്ചക്കറിയും പഴവും ഉണക്കമീനുമൊക്കെയാണ് അത്തരം ഷെഡ്ഡുകളിൽ സാധാരണ കച്ചവടത്തിനെത്തുന്നത്. കുട്ടയും തവിയും പായയുമൊക്കെ വിൽക്കുന്നവരും ഇത്തരം ഷെഡ്ഡുകൾ നിർമ്മിച്ച് ചന്തയുടെ ഭാഗമായി മാറുന്നു. പലവ്യഞ്ജന സാധനങ്ങളുടെ വിൽപ്പനയാണ് ഇപ്പോൾ പ്രധാനമായും കോട്ടപ്പുറം ചന്തയിൽ നടക്കുന്നത്. 40 ടൺ പച്ചക്കറിയുടെ വ്യാപാരം വരെ ഒരു ദിവസം നടക്കുന്നുണ്ട്. ഓരോ ചന്ത ദിവസവും ആയിരം ചാക്ക് പഞ്ചസാരയും പതിനഞ്ച് ലോഡ് അരിയും വിൽക്കുന്നു. നാൽപ്പത് ടൺ മൈദയും മൂന്ന് ലോഡ് സവാളയും ഒരു ലോഡ് ശർക്കരയും ഒരു ദിവസം വിറ്റുപോകുന്നു.

ചന്തദിവസങ്ങളിൽ വലിയ ജനത്തിരക്കുള്ള കോട്ടപ്പുറം ചന്തയെയും കോവിഡ് പ്രതിസന്ധി ബാധിച്ചിട്ടുണ്ട്. തിങ്കളും വ്യാഴവും ചന്തദിവസമായിരുന്നത് തിങ്കൾ മാത്രമായി ചുരുക്കി. തമിഴ്നാട്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നാണ് കോട്ടപ്പുറം മാർക്കറ്റിലേക്ക് ചരക്ക് എത്തുന്നത്. ആ സംസ്ഥാനങ്ങൾ കോവിഡിന്റെ പിടിയിലമർന്നത് കോട്ടപ്പുറം ചന്തയ്ക്കുണ്ടാക്കിയ പരുക്ക് ചെറുതല്ല. പച്ചക്കറി വ്യാപാരം രാവിലെ 10 മണി വരെയാക്കി ചുരുക്കിയതും പലചരക്ക് വ്യാപാരം ഉച്ചയ്ക്ക് പന്ത്രണ്ടുവരെ മാത്രമെന്ന് നിശ്ചയിച്ചതും കോട്ടപ്പുറം ചന്തയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്.

കോട്ടപ്പുറം ചന്തയുടെ പുനരുജ്ജീവനം എന്നത് ഒരു കച്ചവടകേന്ദ്രത്തെ അതിന്റെ പ്രഭാവകാലത്തേക്ക് മടക്കിക്കൊണ്ടുപോവുക എന്നതു മാത്രമല്ല ലക്ഷ്യമാക്കുന്നത്. അത് വിനോദസഞ്ചാര മേഖലയ്ക്ക് ഉണർവ് പകരുന്ന ഒരു കണ്ടെത്തൽ കൂടിയാവും. അമൂല്യമായ നമ്മുടെ പൈതൃക സംരക്ഷണത്തിനുള്ള ഏറ്റവും ശക്തമായ ചുവടുവയ്പ്പുകൂടിയായിരിക്കും അത്.

കോട്ടപ്പുറം കോട്ടയും കോട്ടപ്പുറം ജലോത്സവവും ഇതിനോടൊപ്പം ചേർത്തിണക്കിയാൽ അതൊരു വലിയ ടൂറിസം സാധ്യത തന്നെയാണ്. ഏറ്റവും വലിയ വ്യാപാര കേന്ദ്രം തന്നെ ഏറ്റവും വലിയ വിനോദസഞ്ചാര കേന്ദ്രവും ഏറ്റവും വലിയ പൈതൃകസ്മാരകവുമായി മാറും എന്നതാണ് കോട്ടപ്പുറം ചന്തയുടെ വീണ്ടെടുപ്പിലൂടെ ലക്ഷ്യം വയ്ക്കാനുള്ളത്.





# അതിജീവനത്തിന്റെ അവസാനിക്കാത്ത പാഠങ്ങൾ



ഒരു പ്രളയം ഗതി മാറ്റിയെഴുതിയ ചരിത്രമാണ് പഴയ കൊടുങ്ങല്ലൂരിന്റേത്. നൂറ്റാണ്ടുകൾക്കപ്പുറം ഗതി മാറിയൊഴുകിയ പെരിയാർ കവർന്നെടുത്ത തുറമുഖം കൊടുങ്ങല്ലൂരിന്റെ പരമ്പരാഗത രാജപ്രൗഢിയെ തന്നെയാണ് കെടുത്തിക്കളഞ്ഞത്. അന്താരാഷ്ട്ര വ്യാപാരികൾ അതോടെ കൈയൊഴിഞ്ഞ തീരത്തിന്റെ പെരുമ പിന്നീട് രൂപംകൊണ്ട കൊച്ചി തുറമുഖത്തിനു പോലും അവകാശപ്പെടാനാവാത്ത തായിരുന്നു. ഇന്നതു ചരിത്രം.

നൂറ്റാണ്ടുകൾക്കിപ്പുറം, കൃത്യമായി പറഞ്ഞാൽ, 2018ൽ മറ്റൊരു പ്രളയം തകർത്തെറിഞ്ഞത് പറവൂരും ചേന്ദമംഗലവുമെല്ലാമടങ്ങുന്ന മുസിരിസ് പ്രദേശത്തിന്റെ ശേഷിക്കുന്ന ജീവിത സ്പന്ദനങ്ങളെ കൂടിയായിരുന്നു. പക്ഷേ, ചേറിൽ പുതഞ്ഞ കൈത്തറിപ്പെരുമ ചേക്കുട്ടി പാവകളിലൂടെ പുനർജനിച്ചപ്പോൾ നാട് വീണ്ടും അതിജീവിച്ചു. അങ്ങനെ ചേന്ദമംഗലം കൈത്തറിയുടെ പെരുമയെ ലോകം വീണ്ടും വാഴ്ത്തിപ്പാടാൻ തുടങ്ങിയപ്പോഴാണ് കൊറോണ വൈറസിന്റെ രൂപത്തിൽ പുതിയ ദുരന്തത്തിന്റെ അവതാരം.

പക്ഷേ, ദുരന്തങ്ങളും അതിജീവനങ്ങളും നിത്യജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞ നാടിന് ഇതും അതിജീവിക്കാനാവുമെന്നുറപ്പ്.

## കൈത്തറിപ്പെരുമ

പഴയ മുസിരിസിന്റെയും അനുബന്ധ മേഖലകളുടെയും കച്ചവടപ്പെരുമയിൽ ഇന്നും തലയെടുപ്പോടെ ശേഷിക്കുന്ന കരകൗശല വിദ്യകളിൽ കൈത്തറിക്കു തന്നെയാണ് മുന്തിയ സ്ഥാനം. അങ്ങനെയുള്ള 273 കൈത്തറി യൂണിറ്റുകളെയാണ് 2018ലെ പ്രളയം മുക്കിത്താഴ്ത്തിക്കളഞ്ഞത്. ചേക്കുട്ടിപ്പാവകളുടെ പാവാടത്തുമ്പ് പിടിച്ച് ചേന്ദമംഗലം കൈത്തറി വീണ്ടും പുതുജീവനെടുത്തു.

പ്രളയത്തിനു പിന്നാലെ സർക്കാർ സ്കൂളുകൾ തുറന്നപ്പോൾ സൗജന്യമായി നൽകുന്ന കൈത്തറി യൂണിഫോമുകൾക്ക് ഊടും പാവുമിട്ടത് ചേന്ദമംഗലത്തെ തറികളിൽ തന്നെയായിരുന്നു. 2016 മുതൽ സംസ്ഥാനത്തെ സർക്കാർ സ്കൂൾ വിദ്യാർഥികൾക്കുള്ള യൂണിഫോം തുണി ഇവിടെ തയാറാക്കിവരുന്നു.

പ്രളയത്തിനു ശേഷം ഒരു മാസത്തോളം തറികൾ പ്രവർത്തനരഹിതമായിരുന്നു. കൈത്തറി

സഹകരണ സംഘങ്ങളും അടച്ചിടേണ്ടി വന്നു. യൂണിഫോമുകൾ നെയ്യുന്ന നാല് വീട്ടകളിലെ തറികൾ പ്രളയത്തിൽ പൂർണമായി നശിച്ചു. നൂലുകളും മറ്റ് അസംസ്കൃത വസ്തുക്കളും വെള്ളം കയറി നാമാവശേഷമായി. പക്ഷേ, സർക്കാരിന#റെയും കൈത്തറി സംഘങ്ങളുടെയും തൊഴിലാളികളുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ബലത്തിൽ എല്ലാം ഈ നാട് തിരികെപ്പിടിച്ചു.

ഇതുകൂടാതെ മറ്റനേകം കരകൗശല വിദ്യകളുടെ വിളനിലമാണ് മുസിരിസ് പദ്ധതി പ്രദേശം. ഇവ അടക്കം അന്യം നിന്നു പോകാനിടയുള്ള പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതും മുസിരിസ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽപ്പെടുന്നതാണ്. പ്രാദേശിക സമ്പദ് വ്യവസ്ഥ പുനരുജ്ജീവിപ്പിക്കാനും പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഇതുവഴി സാധിക്കും.

## അതിജീവനത്തിന്റെ പ്രതീകം

പ്രളയക്കെടുതിയെ അതിജീവിച്ച കേരളത്തിന്റെ തന്നെ പ്രതീകമാണ് ചേന്ദമംഗലത്തിനു വേണ്ടി പിറവികൊണ്ട ചേക്കുട്ടി പാവകൾ. 'ചേറിനെ അതിജീവിച്ച കുട്ടി' എന്ന അർഥത്തിലാണ് 'ചേക്കുട്ടി' എന്ന പേര് തന്നെ. ചേന്ദമംഗലം കൈത്തറിയുടെ അതിജീവനത്തിനായുള്ള വേറിട്ട ആശയമായിരുന്നു ഇവയുടെ ആവിർഭാവത്തിനു പിന്നിൽ. കൊച്ചിയിൽ നിന്നുള്ള ലക്ഷ്മി, ഗോപിനാഥ് എന്നിവരാണ് ചേക്കുട്ടി പാവകളുടെ സൃഷ്ടിക്കു പിന്നിൽ.

വെള്ളം കയറി ചെളി പിടിച്ച സാരിയും മുണ്ടും ഉൾപ്പെടെയുള്ള ചേന്ദമംഗലം കൈത്തറി തുണികളാണ് ക്ലോറിനേറ്റ് ചെയ്ത് കഴുകി വൃത്തിയാക്കി പാവ നിർമ്മാണത്തിനായി ഉപയോഗിച്ചത്. 1500 രൂപ വിലയുള്ള ഒരു സാരിയിൽ നിന്ന് 250–360 ചേക്കുട്ടി പാവകൾ നിർമിച്ചിരുന്നു. ഒരു മുണ്ടിൽ നിന്നും 140 പാവകളും നിർമ്മിച്ചിരുന്നു. ഒരു ചേക്കുട്ടി പാവക്ക് 25 രൂപയായിരുന്നു വിലയിട്ടിരുന്നത്. ഇതുവഴി മുങ്ങിപ്പോയ ഒരുപാട് ജീവിതങ്ങളെ കൈപിടിച്ചുയർത്താൻ സാധിച്ചു. ചെറിയൊരു കാലയളവിനുള്ളിൽ 16 ലക്ഷം രൂപയുടെ പാവകൾക്കു വരെ ഓർഡർ ലഭിച്ചിരുന്നു.

ചെളിയിൽ പുതഞ്ഞുപോയ ചേന്ദമംഗലത്തെ കൈപിടിച്ചു കയറ്റുന്ന മുന്നേറ്റങ്ങളിൽ ഏറ്റവും മനോഹരമായ ആശയം തന്നെയായിരുന്നു ചേക്കുട്ടി പാവകൾ. ഒരുപക്ഷേ, കേരളത്തെ പിടിച്ചുലച്ച പ്രളയത്തിൽ നിന്നുള്ള അതിജീവനത്തിലെ ഏറ്റവും സർഗാത്മകമായ ഏടാണ് ചേക്കുട്ടി തുന്നിയെടുത്തത്.

ചേന്ദമംഗലത്തെ കൈത്തറി യൂണിറ്റുകൾക്ക് പുനർജീവൻ നൽകാനായി കൊച്ചിയുടെ തെരുവുകളിൽ ആരംഭിച്ച ചേക്കുട്ടി പാവ മേക്കിങ് വർക്ക് ഷോപ്പുകൾ ജില്ലകളും സംസ്ഥാനങ്ങളും കടന്ന് അങ്ങ് അമേരിക്ക വരെയെത്തിയത് ഇന്നു ചരിത്രത്തിന്റെ ഭാഗം. വളണ്ടിയർമാരും സ്കൂളുകളും റെസിഡൻസ് അസോസിയേഷനുകളും അയൽപ്പക്ക കൂട്ടായ്മകളുമൊക്കെ ചേക്കുട്ടി നിർമ്മാണത്തിനായി മുന്നോട്ട് വന്നു.

ഡൽഹിയിലെ ജെ എൻ യു ക്യാമ്പസും കൊച്ചിയിലെ ഇൻഫോ പാർക്കും എന്നു തുടങ്ങി കാലിഫോർണിയ ഫ്രീമോണ്ടിലെ എലിസബത്ത് പാർക്കിലെ മലയാളി കൂട്ടായ്മയിൽ നിന്നു വരെ ചേക്കുട്ടി പാവകൾ പിറന്നു. അങ്ങനെയങ്ങനെ ചേക്കുട്ടി എന്ന ചേറിലെ കുട്ടി ഒരു 'ഇന്റർനാഷണൽ' കുട്ടിയായി വളർന്ന സ്നേഹഗാഥയ്ക്ക് കൂടിയാണ് പ്രളയാനന്തര കേരളം സാക്ഷിയായത്.

പ്രളയത്തിനു ശേഷം കോവിഡ്–19 എന്ന മഹാമാരി ലോകത്തെ വിഴുങ്ങാൻ വാ പിളർത്തി നിൽക്കുമ്പോഴും ചേന്ദമംഗലം കൈത്തറിക്ക് പ്രതീക്ഷയുണർത്തുന്ന പ്രതീകമായി ചേക്കുട്ടിയുടെ വീരകഥകൾ ബാക്കിയുണ്ട്.



## കയറിന്റെ കരുത്ത്

പണ്ട് കാലങ്ങളിൽ പാരമ്പര്യ വ്യവസായങ്ങളായ കയർ നിർമ്മാണം, കൃഷി, മൺപാത്ര നിർമാണം എന്നിവയ്ക്ക് പേരു കേട്ട സ്ഥലമായിരുന്നു മുസിരിസ് പ്രദേശത്തിൽ ഉൾപ്പെടുന്ന പറവൂർ. കയർ ഭൂവസ്ത്ര നിർമാണത്തിനുള്ള സർക്കാർ പദ്ധതി ഇവിടെ അന്യം നിന്നുകൊണ്ടിരിക്കുന്ന കയർ മേഖലയെ ഒരു പരിധി വരെ പുനരുദ്ധരിക്കാൻ സഹായകമായിട്ടുണ്ട്.

പറവൂർ കയർ എന്നൊരിനം തന്നെ

കേരളത്തിന്റെ കയർ വിപണിയിലെ സ്പെഷ്യാലിറ്റിയാണെങ്കിലും നിർമാണത്തിനുള്ള അടിസ്ഥാനസൗകര്യത്തിലുള്ള കുറവുകൾ കാരണം മേഖലയിലെ കയർ നിർമാണം അധികം മുന്നോട്ട് പോയിട്ടില്ല. പറവൂർ കയർ നിർമിക്കുന്നതിനു പ്രത്യേക പരിശീലനം ലഭിച്ച തൊഴിലാളികൾ പോലും മറ്റ് തൊഴിൽ മേഖലകൾ തേടിപ്പോകാൻ ഇതു കാരണമാകുന്നുമുണ്ട്. ഒരു കയർ പിരി യൂണിറ്റിനുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് ചുരുങ്ങിയത് അഞ്ച് ലക്ഷം രൂപയെങ്കിലും ചെലവ് വരും.

യാത്രയ്ക്കും ചരക്ക് ഗതാഗതത്തിനും ജലമാർഗം പ്രധാന ഉപാധിയായിരുന്ന കാലത്ത് കയറും തഴപ്പായയും അടക്കമുള്ള ഉത്പന്നങ്ങൾ ഇവിടെ അടുത്ത് മൂത്തകുന്നത്തുനിന്നാണ് വലിയ വള്ളങ്ങളിൽ കയറ്റി കൊണ്ടുപോയിരുന്നത്. വടക്കേക്കര കേരളത്തിലെ തന്നെ പ്രധാന കയർ നിർമാണ കേന്ദ്രങ്ങളിലൊന്നായിരുന്നു.

പ്രളയത്തിനു ശേഷം ഇവിടത്തെ പരമ്പരാഗത കയർ, കൈത്തറി, ഖാദി ഉത്പാദന കേന്ദ്രങ്ങൾ സന്ദർശിക്കാൻ വിദേശ ടെക്സ്റ്റൈൽ രംഗത്തുനിന്നുള്ള കലാകാരൻമാർ വരെ എത്തിയിരുന്നു. ഇവർ പറവൂരിലെ വിവിധ ഗ്രാമങ്ങൾ സന്ദർശിച്ച് കൈത്തറി നെയ്ത്ത്, ഖാദി നെയ്ത്ത്, കയർ ഉത്പന്ന നിർമാണം എന്നിവ വീക്ഷിക്കുകയും ചെയ്തിരുന്നു.

പച്ചത്തൊണ്ടിൽ നിന്ന് ചകിരി വേർതിരിച്ചെടുത്ത് പരമ്പരാഗത രീതിയിൽ കയർ നിർമിക്കുന്ന സംഘങ്ങൾ ഇപ്പോഴും ഇവിടെ സജീവമാണ്. യന്ത്രവത്കൃതമല്ലാത്ത റാട്ടുകളിൽ ഖാദി തുണി നെയ്തെടുക്കുന്നതും വിസ്മയകരമായ കാഴ്ച തന്നെ.


## ഉടയാത്ത മൺ പാത്രങ്ങൾ

കളിമണ്ണിന് ക്ഷാമമായതോടെ മറ്റെവിടെയും എന്നതു പോലെ പറവൂരിലും മൺപാത്ര നിർമാണ മേഖല പ്രതിസന്ധിയിലാണ്. ഇഷ്ടിക നിർമാണത്തിന് മണ്ണെടുത്ത പാടങ്ങളിൽ നിന്നു ലഭിക്കുന്ന കളിമണ്ണാണ് മൺപാത്ര നിർമാണത്തിന് പ്രധാനമായും ഉപയോഗിച്ചിരുന്നത്. ഇത്തരത്തിലുള്ള മണ്ണെടുപ്പ് നിലച്ചതോടെ പാത്ര നിർമാണവും മന്ദഗതിയിലായി. പാടങ്ങളിൽ നിന്ന് പന്ത്രണ്ടി താഴ്ചയിൽ മേൽമണ്ണ് നീക്കം ചെയ്താണ് പാത്ര നിർമാണത്തിനുള്ള കളിമണ്ണ് ശേഖരിക്കുന്നത്. തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതോടെ ഇത്തരത്തിലുള്ള മണ്ണ് ഖനനവും ഇല്ലാതായി. എങ്കിലും എറണാകുളം ജില്ലയിൽ ചെറിയ തോതിലെങ്കിലും പരമ്പരാഗത രീതിയിലുള്ള മൺപാത്ര നിർമാണം ഇന്നും നിലനിൽക്കുന്ന സ്ഥലങ്ങളിലൊന്ന് പറവൂരാണ്. കള്ള് ചെത്ത് ഇന്നും സജീവമായ മേഖലയിൽ വള്ളുവള്ളിയിൽ നിർമിക്കുന്ന കള്ള് കുടങ്ങളും പ്രശസ്തമായിരുന്നു.

## ശേഷിയുള്ളവന്റെ ശേഷിപ്പ്

സർവൈവൽ ഓഫ് ദ ഫിറ്റസ്റ്റ്, അഥവാ ശേഷിയുള്ളവന്റെ ശേഷിപ്പ് എന്ന ആശയത്തിന്റെ പ്രത്യക്ഷ ഉദാഹരണമാണ് പറവൂർ മേഖല. ഏഴ് പഞ്ചായത്തുകൾക്കു മുകളിലൂടെ പെരിയാറും ചാലക്കുടിപ്പുഴയും കുത്തിയൊഴുകിയപ്പോൾ കൃഷിയും കച്ചവടവും കൈത്തറിയുമെല്ലാം ആ മഹാപ്രവാഹത്തിൽ ഒലിച്ചു പോയതാണ്. എന്നിട്ടും ജീവിതം മുങ്ങിത്താഴാതെ പ്രതീക്ഷയുടെ തീരങ്ങളിലേക്കു തുഴഞ്ഞടുപ്പിക്കുകയായിരുന്നു ഈ നാട്ടുകാർ.

നാടിന്റെയാകെ സമ്പദ് വ്യവസ്ഥയെ കൊറോണ വൈറസ് ബാധയും അതിനെ പ്രതിരോധിക്കാൻ ഏർപ്പെടുത്തിയ ലോക്ക്ഡൗണുമെല്ലാം ബാധിച്ചപ്പോൾ, സ്വാഭാവികമായും മുസിരിസ് പ്രദേശത്തെ പരമ്പരാഗത വ്യവസായങ്ങളെയും കരകൗശല മേഖലയെയും ബാധിച്ചു. എന്നാൽ, ഈ പ്രതിസന്ധി താത്കാലികമാണെന്നും, പ്രളയത്തോളം വസ്തുനാശം വരുത്താൻ ഒരു വൈറസിനു കഴിയില്ലെന്നും ഈ നാടിനു നല്ലവണ്ണമറിയാം.



പുസ്തക പരിചയം

# ദി ഇന്തോ – റോമൻ പെപ്പർ ട്രേഡ് ആൻഡ് ദി മുസിരിസ് പപ്പൈറസ്

ഫെഡറിക്കൊ ഡി റൊമാനിസ് | 2020 | ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്

പതിമൂന്നാം നൂറ്റാണ്ടിൽ പെരിയാറിലെ വെള്ളപ്പൊക്കം തകർത്തെറിഞ്ഞത് കേരളത്തിനു സൗഭാഗ്യങ്ങൾ കൊണ്ടുവരുമായിരുന്ന ഒരു വ്യാപാര ആസ്ഥാനത്തെയായിരുന്നു. മുസിരിസ് പട്ടണത്തെ ബാധിച്ച ജീർണതയുടെ തുടക്കം ആ വെള്ളപ്പൊക്കത്തിലായിരുന്നു എന്നു പറയാം. അതിനുമുമ്പുള്ള കാലത്തേക്കുറിച്ച് പറയാനുള്ളത് സമൃദ്ധിയുടെ കഥകൾ മാത്രമാണ്. കേരളത്തിന്റെ റോമൻ വ്യാപാരബന്ധത്തിന്റെ തിളക്കമുള്ള കഥകൾ.


രണ്ടാം നൂറ്റാണ്ടുമുതൽ ആറാം നൂറ്റാണ്ടുവരെ വലിയ രീതിയിൽ സജീവമായിരുന്ന ഇന്തോ – റോമൻ വ്യാപാരബന്ധങ്ങളുടെ പ്രധാനകേന്ദ്രം മുസിരിസ് പട്ടണമായിരുന്നു. ഈ വ്യാപാര ഇടപാടുകളുടെ തുടക്കത്തേക്കുറിച്ച് വ്യക്തമായ ഒരു ചിത്രം ഇന്നു ലഭ്യമല്ല. എന്നാൽ, 1985ൽ കണ്ടെടുത്ത ഒരു ചരിത്രരേഖ – മുസിരിസ് പാപ്പൈറസ് – നമ്മുടെ റോമൻ വ്യാപാരബന്ധങ്ങളുടെ പുഷ്കലകാലം രണ്ടാം നൂറ്റാണ്ടായിരുന്നു എന്ന് രേഖപ്പെടുത്തുന്നു.

ഫെഡെറികോ ഡി റൊമാനിസ് എഴുതിയ ദി ഇന്തോ – റോമൻ പെപ്പർ ട്രേഡ് ആൻഡ് ദി മുസിരിസ് പപ്പൈറസ് എന്ന ഗ്രന്ഥം ആ ചരിത്രരേഖയുടെ വിശദമായ വിശകലനവും റോമൻ സാമ്പത്തിക വ്യവസ്ഥയുടെയും വാണിജ്യ വിനിമയ ചരിത്രത്തിന്റെയും ആധികാരിക പഠനവും കൂടിയാണ്.

മുസിരിസ് പപ്പൈറസിന് പ്രധാനമായും രണ്ട് ഭാഗങ്ങളാണുള്ളത്. ആദ്യഭാഗം ഒരു വായ്പാ ഉടമ്പടിയാണ്. മുസിരിസിലേക്കുള്ള ഒരു വാണിജ്യ ഇടപാടിന് ധനം നൽകുന്നതുമായി ബന്ധപ്പെട്ടത്. ഈജിപ്റ്റിലെ അലക്സാൻഡ്രിയ എന്ന സ്ഥലത്തുള്ള ഒരു ഫിനാൻസിയറും മുസിരിസിലെ ഒരു കച്ചവടക്കാരനും തമ്മിലുള്ള ഇടപാടിന്റെ രേഖയാണിത്. രണ്ടാം ഭാഗം, ഹെർമപോളൻ എന്ന കപ്പലിൽ മുസിരിസിലേക്ക് കൊണ്ടുവന്ന ചരക്കിന്റെ വാണിജ്യമൂല്യത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.

എന്നാൽ, മുസിരിസ് പപ്പൈറസ് വാണിജ്യ ഇടപാടുകളുടെ വെറും കണക്കെഴുത്ത് പുസ്തകം മാത്രവുമല്ല. അത് ഒരു കാലഘട്ടത്തിലെ വ്യാപാരചരിത്രത്തിന്റെ വിശദമായ രേഖയാണ്. സമുദ്രസംബന്ധിയായ വാണിഭങ്ങളെക്കുറിച്ചുള്ള ആദ്യതാളുകൾ നഷ്ടപ്പെട്ടെങ്കിലും ബാക്കിയായവ, അക്കാലത്തെ നികുതി ഇടപാടുകളിലേക്കും വാങ്ങൽ – വിൽക്കൽ നടപടി രീതികളിലേക്കും എന്തിന്, ചരക്കുചുമടിനുപയോഗിക്കുന്ന ഒട്ടകങ്ങളുടെ ഉടമകൾക്ക് പണം നൽകുന്നതിന്റെ വിശദാംശങ്ങളെക്കുറിച്ചു വരെ വെളിപ്പെടുത്തുന്ന അമൂല്യമായ ചരിത്രസാക്ഷ്യമാണ്. ദക്ഷിണേന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്ന ചരക്കുകൾക്ക് ചുമത്തുന്ന റോമൻ കസ്റ്റംസ് തീരുവയെക്കുറിച്ചും വ്യക്തമായ ദിശാബോധം പകരുന്നതാണ് ഈ പുസ്തകം.

മുസിരിസ് പപ്പൈറസിന്റെ രണ്ട് ഭാഗങ്ങളേക്കുറിച്ചുമുള്ള പഠനത്തിന്റെ പ്രാധാന്യം മനസിലാകാതെ പോയതുകൊണ്ടാവാം കാര്യമായ ഒരു




ഗവേഷണം ഈ വിഷയത്തിൽ ആദ്യകാലത്ത് നടന്നിരുന്നില്ല. അത് റോമൻ സാമ്രാജ്യവും ദക്ഷിണേന്ത്യയും തമ്മിലുള്ള വാണിജ്യബന്ധത്തിന്റെ ഏറ്റവും കൃത്യമായ വിവരങ്ങൾ നൽകുന്ന വിലമതിക്കാനാവാത്ത രേഖയാണെന്ന തിരിച്ചറിവാണ് ഫെഡെറികോ ഡി റൊമാനിസിന്റെ ഈ മഹത്തായ ശ്രമത്തെ അനുപമമാക്കുന്നത്. അതിൽ റോമൻ കച്ചവടക്കാരുടെ മുസിരിസിലേക്കുള്ള വാണിജ്യ യാത്രകളെക്കുറിച്ചും ഒരു വാണിജ്യ ഉദ്യമത്തിനുള്ള നിക്ഷേപത്തിന്റെ വായ്പാ ഉടമ്പടിയിലെ സാമ്പത്തികവും നിയമപരവുമായ കാര്യങ്ങളെക്കുറിച്ചുമെല്ലാം പകരുന്ന അറിവ് ആ കാലഘട്ടത്തിലെ വ്യവസായ ചരിത്രത്തിലേക്കുള്ള ശ്രദ്ധാക്ഷണിക്കൽ കൂടിയാണ്.

ദി ഇന്തോ – റോമൻ പെപ്പർ ട്രേഡ് ആൻഡ് ദി മുസിരിസ് പപ്പൈറസ് എന്ന ഈ പഠനം ദക്ഷിണേന്ത്യൻ വ്യാപാര മേഖലയുമായി റോമൻ സാമ്രാജ്യം പുലർത്തിയിരുന്ന സാമ്പത്തിക നയത്തേക്കുറിച്ച് പുതിയ തെളിച്ചം നൽകുന്നു. തെന്നിന്ത്യൻ വ്യാപാര രംഗത്തെ ഓഹരിയുടമകളുടെ പ്രവർത്തനത്തിന്റെ ഘടനയും വ്യവസ്ഥയും ഇതിൽ വ്യക്തമായി പറയുന്നുണ്ട്. വ്യാപാരത്തിൽ സ്വകാര്യ നികുതി സമാഹർത്താക്കളുടെ പങ്കിനെക്കുറിച്ചും ഈ പഠനം വിശദമാക്കുന്നു.

ഇത് ആദ്യ രണ്ട് നൂറ്റാണ്ടുകളിലെ റോമൻ സാമ്പത്തിക വ്യവസ്ഥയിലേക്ക് രണ്ട് രീതിയിൽ വെളിച്ചം വീശുന്നതാണ്. അതിൽ ഒന്നാമത്തേത്, ദക്ഷിണേന്ത്യയിൽ നിന്നുള്ള വിവരങ്ങളെയും ഉറവിടങ്ങളെയും സമതുലിതമായി പരിഗണിക്കുന്നതിലൂടെ ലഭിക്കുന്നു. പ്രാചീന കാലത്തേയും മധ്യകാലത്തെയും ആധുനികതയുടെ ആദ്യനാളുകളിലെയും കുരുമുളക് വ്യാപാരത്തെ താരതമ്യപ്പെടുത്തി ദക്ഷിണേന്ത്യൻ കുരുമുളകിന്റെ പാശ്ചാത്യ വിപണനത്തേക്കുറിച്ചുള്ള ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാട് രൂപീകരിക്കുന്നതാണ് രണ്ടാമത്തേത്.

രണ്ടാം നൂറ്റാണ്ടിന്റെ മധ്യകാലത്തിലെ വ്യാപാരബന്ധങ്ങളെക്കുറിച്ചുള്ള ക്രമീകരിക്കപ്പെട്ടതും പുതിയ വ്യാഖ്യാനങ്ങൾക്ക് സാധ്യതയുള്ളതുമായ ദി ഇന്തോ – റോമൻ പെപ്പർ ട്രേഡ് ആൻഡ് ദി മുസിരിസ് പപ്പൈറസ് എന്ന പഠനം ആധുനിക കാലത്തും പ്രസക്തമാകുന്നുണ്ട്. സമ്പന്നമായ ഒരു വ്യാപാര ഭൂതകാലം, അത് ഏതൊക്കെ രീതിയിലാണ് കൈകാര്യം ചെയ്യപ്പെട്ടിട്ടുള്ളത് എന്നതിന്റെ രേഖകൾ, നമ്മുടെ വരുംകാല സാമ്പത്തിക നയങ്ങളുടെ നിർമ്മാണത്തിന് കരുത്തുപകരുന്ന സാന്നിധ്യമാണ് എന്നതിൽ സംശയമേതുമില്ല.



# മിയോവാക്കി കാടൊരുക്കാൻ മുസിരിസും

ജാപ്പനീസ് സസ്യശാസ്ത്രജ്ഞൻ അകിര മിയോവാക്കി രൂപപ്പെടുത്തിയ സ്വാഭാവിക വനവത്കരണ പദ്ധതിയാണ് ക്രൗഡ് ഫോറസ്റ്റിങ് (മിയോവാക്കി ഫോറസ്റ്റ് ) എന്നറിയപ്പെടുന്നത്. കേരളത്തിലും ഇത്തരമൊരു സംരംഭത്തിനു തുടക്കമിട്ടിരിക്കുകയാണ് മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി. അഴീക്കോട് മുനയ്ക്കൽ ബീച്ചിൽ കടലിനോടും കായലിനോടും അടുത്തു കിടക്കുന്ന ഇരുപതു സെന്റ് സ്ഥലത്താണ് ഇതിൽ ആദ്യത്തെ പദ്ധതികളിൽ ഒന്ന്. കറുക, പുളി, മാവ്, ഞാവൽ, ഇലഞ്ഞി, അത്തി, പ്ലാവ്, ആര്യവേപ്പ് തുടങ്ങി നൂറ് ഇനങ്ങളിൽപ്പെട്ട 3250 വൃക്ഷത്തൈകൾ ഇവിടെ നട്ടിട്ടുണ്ട്. മൂന്നു വർഷം കൊണ്ട് ഇവിടം സ്വാഭാവിക വനമായി മാറും. ഇത്തരത്തിൽ പത്തു പദ്ധതികളാണ് കേരളത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. ചെറിയ ഇടങ്ങളിൽ കൂടുതൽ മരങ്ങൾ നടുന്നതിന് ഈ രീതി ഉപയോഗിക്കാം. എല്ലാം ലഭ്യമായ സ്ഥലത്തെ ആശ്രയിച്ചിരിക്കുന്നു. ചെടികൾ നടാൻ കുഴി കുഴിക്കുന്നതിനുമുമ്പ്, വൃക്ഷങ്ങളുടെ പട്ടിക ഉയരം അനുസരിച്ചു തിരഞ്ഞെടുക്കണം. നടാനായി വളരെ കുറച്ച് സ്ഥലമുള്ളതിനാൽ, വ്യത്യസ്ത ഉയരങ്ങളുള്ള മരങ്ങൾ തിരഞ്ഞെടുക്കണം. അതിനു ശേഷം ആ കുഴി ഒരു അടുക്ക് കമ്പോസ്റ്റ് ഉപയോഗിച്ച് പൂരിപ്പിക്കുക, അതിനുശേഷം പ്രകൃതിദത്ത മാലിന്യങ്ങളായ കരിമ്പിൻ ചണ്ടി , ചിരട്ടകൾ എന്നിവ ഉപയോഗിച്ച് പൂരിപ്പിക്കുക, തുടർന്ന് ചുവന്ന മണ്ണിന്റെ പാളി ഉപയോഗിച്ച് കുഴി മൂടുക. നടുവിൽ ഒരു വൃക്ഷത്തൈയും ചുറ്റും മറ്റു നാല് വൃക്ഷത്തൈകളും നടുന്ന രീതിയാണ് ഈ മിയോവാക്കി മാതൃകയിൽ അവലംബിക്കുന്നത്.

മുനയ്ക്കലിലെ മിയോവാക്കി ഫോറസ്റ്റ് പദ്ധതിക്ക് മൂന്നര ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. മൂന്നു വർഷം പരിപാലിക്കാനുള്ള സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

ക്രൗഡ് ഫോറസ്റ്റിങ് രീതിയിൽ പതിനഞ്ച് വർഷം കൊണ്ടുണ്ടാകുന്ന വനത്തിന് നൂറു വർഷം പ്രായമുള്ള സ്വാഭാവിക വനത്തിന്റെ മൂല്യമാണ് കണക്കാക്കുന്നത്. ഓരോ പ്രദേശത്തും സ്വാഭാവികമായി വളരുന്ന മരങ്ങൾ മാത്രമാണ് ഇതിൽ നട്ടു വളർത്തുക. മൂന്നു മാസം കഴിയുമ്പോൾ പറിച്ചു മാറ്റി നടുകയും ചെയ്യും.

മുനയ്ക്കൽ ബീച്ചിലെ മിയോവാക്കി ഫോറസ്റ്റ് പദ്ധതിക്കു തുടക്കം കുറിക്കുന്ന ചടങ്ങിൽ ഇ.ടി. ടൈസൺ മാസ്റ്റർ എംഎൽഎ, പഞ്ചായത്ത് പ്രസിഡന്റ് പ്രസാദിനി മോഹനൻ, ജില്ലാ പഞ്ചായത്ത് അംഗം നൗഷാദ് കൈതവളപ്പിൽ, മുസിരിസ് പൈതൃക പദ്ധതി എംഡി പി.എം. നൗഷാദ് എന്നിവർ പങ്കെടുത്തു.



മേയ് 27 മുതൽ ജൂൺ 8 വരെ എംപിഎൽ ഗൈഡുമാർക്ക് ഗൈഡിങ്ങിലും എസ്കോർട്ടിങ്ങിലും ഹ്രസ്വകാല പരിശീലന പരിപാടി

- കേരളത്തിൻറെ ചരിത്രാതീത, മഹാശിലായുഗ സംസ്കാരം– ജെയ്ൻ പീറ്റർ, അസിസ്റ്റന്റ് പ്രൊഫസർ, യുസി കോളെജ്, ആലുവ
- കേരളത്തിൻറെ ആദിമ ചരിത്ര കാലഘട്ടം – സി. ആദർശ്, അസിസ്റ്റന്റ് പ്രൊഫ. വിമല കോളെജ്, തൃശ്ശൂർ. ഓൺലൈൻ ക്ലാസ് – ദിനേശൻ, കേരള ചരിത്ര ഗവേഷണ കൗൺസിൽ (കെസിഎച്ച്ആർ)
- കേരളത്തിൻറെ മധ്യ കാലഘട്ടം – ഡോ. അലക്സ് ജോർജ്, വകുപ്പ് മേധാവി, ചരിത്ര വിഭാഗം, ക്രൈസ്റ്റ് കോളെജ്, ഇരിങ്ങാലക്കുട; ഡോ. മിഥുൻ സി. ശേഖർ, മ്യൂസിയം മാനേജർ, മുസിരിസ് പ്രോജക്റ്റ് ലിമിറ്റഡ്.
- യൂറോപ്യൻ കോളനിവത്കരണവും പുരാവസ്തു ശാസ്ത്രത്തിന്റെ അടിസ്ഥാനപാഠങ്ങളും – കോട്ടകളിലൂടെ – റീമ എം.എസ്., റിസർച്ച് അസിസ്റ്റൻറ്, മുസിരിസ് പ്രോജക്റ്റ് ലിമിറ്റഡ്.
- ടൂറിസത്തിൻറെ പ്രമാണങ്ങളും രീതികളും – റോബിൻ സി. കോശി, അസിസ്റ്റന്റ് പ്രൊഫ. എംഇഎസ് അസ്മാബി കോളെജ്, വെമ്പല്ലൂർ.
- നവോത്ഥാന നായകർ – കൊട്ടുവഴങ്ങ ബാലകൃഷ്ണൻ, റിട്ട. അധ്യാപകനും എഴുത്തുകാരനും.

# പരിസ്ഥിതി ദിനം

- 'എന്റെ മരം', ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ചേന്ദമംഗലം ഗ്രാമ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പരിപാടി മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റ് എംഡി പി.എം. നൗഷാദ് ഉദ്ഘാടനം ചെയ്തു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ടി.ജി. അനൂപ്, വൈസ് പ്രസിഡന്റ് നിത സ്റ്റാലിൻ, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷൻ എ.എം. ഇസ്മായിൽ, മുസിരിസ് പ്രോജക്റ്റ് മാർക്കറ്റിങ് മാനെജർ ഇബ്രാഹിം സബിൻ, മുസിരിസ് പ്രോജക്റ്റ് മ്യൂസിയം മാനെജർ കെ.ബി. നിമ്മി തുടങ്ങിയവർ പങ്കെടുത്തു.
- 'ക്ലീൻ മുസിരിസ് ഗ്രീൻ മുസിരിസ്'' പരിപാടിയുടെ ഭാഗമായി അന്താരാഷ്ട്ര പരിസ്ഥിതി ദിനത്തിൽ മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റ് എംഡി പി.എം. നൗഷാദ് കോട്ടപ്പുറം മുസിരിസ് തീരത്ത് വൃക്ഷത്തൈകൾ നട്ടു. മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റ് മാർക്കറ്റിങ് മാനെജർ ഇബ്രാഹിം സബിൻ, കോട്ടപ്പുറം മുസിരിസ് ബോട്ട് ജെട്ടി മാനെജർ സജ്ന വസന്തരാജ്, മുസിരിസ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.
- അന്താരാഷ്ട്ര പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റ് എംഡി പി.എം. നൗഷാദ് ഹരിതാഭമായൊരു നാളേയ്ക്കു വേണ്ടി ചേരമാൻപറമ്പ് മുസിരിസ് ആക്റ്റിവിറ്റി സെന്ററിൽ വൃക്ഷത്തൈകൾ നട്ടു. കൊടുങ്ങല്ലൂർ മുനിസിപ്പൽ കൗൺസിലർ ജോണിക്കുട്ടൻ സന്നിഹിതനായിരുന്നു. പി.എം. നൗഷാദ് തദവസരത്തിൽ നാട്ടുകാർക്കും കുടുംബശ്രീക്കും തൊഴിലുറപ്പ് പദ്ധതി പ്രവർത്തകർക്കും വൃക്ഷത്തൈകൾ വിതരണം ചെയ്തു.
- ഗുണപരമായൊരു മാറ്റത്തിനു പ്രോത്സാഹനം നൽകുന്നതിനുള്ള ഒരു വേദിയാണ് ആഗോളതലത്തിൽ അന്താരാഷ്ട്ര പരിസ്ഥിതി ദിനം മുന്നോട്ടു വയ്ക്കുന്നത്. ഇതിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റും 'കാവ്'' കോട്ടപ്പുറവും ചേർന്ന് 'ആരണ്യതീരം' പദ്ധതി സംഘടിപ്പിച്ചു. അഴീക്കോട് മുനക്കൽ ബീച്ചിൽ ഇ.ടി. ടൈസൺ മാസ്റ്റർ എംഎൽഎ ഉദ്ഘാടനം നിർവഹിച്ചു. മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റ് എംഡി പി.എം. നൗഷാദ്, എറിയാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പ്രസാദിനി മോഹൻ, വാർഡ് അംഗം പി.എം. അബ്ദുള്ള, 'കാവ്'' പ്രസിഡന്റ് അബ്ദുൾ ഗനി തുടങ്ങിയവർ പങ്കെടുത്തു.




അച്ചടി & പ്രസിദ്ധീകരണം : നൗഷാദ് പി.എം., മാനേജിംഗ് ഡയറക്ടർ, മുസിരിസ് പ്രോജക്റ്റ്സ് ലിമിറ്റഡ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ, കേരള – ഫോൺ : 0480 2807717